"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - ഇ-ഓഫീസ് മുഖേന ജനറേറ്റ് ചെയ്യുന്ന ജി.ഒ. രജിസ്റ്റർ പരിശോധിക്കുന്നതിനായി നോഡൽ ഓഫീസറെയും നോഡൽ സെക്ഷനെയും ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.**960/2026/ID** തീയതി,തിരുവനന്തപുരം, **17-08-2026**

---

പരാമർശം:- ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ട്രെയിനിംഗ് -ബി) വകുപ്പിന്റെ **27.06.2026** തീയതിയിലെ ടി.ആർ.ജി-ബി**2/91/2026**-ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

**<u>ഉത്തരവ്</u>**

ജി.ഒ. രജിസ്റ്റർ ജനറേറ്റ് ചെയ്യുന്ന സംവിധാനം ഇ-ഓഫീസിൽ നടപ്പിലാക്കിയത് സംബന്ധിച്ച് സൂചന സർക്കുലർ പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് നിർദ്ദേശങ്ങൾ നൽകുകയും, ജി.ഒ.രജിസ്റ്ററിൽ മേൽ സർക്കുലർ പ്രകാരം കൃത്യമായി വിവരങ്ങൾ ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും, സംഗ്രഹം കൃത്യമായി രേഖപ്പെടുത്താത്തതും ഇ-ഓഫീസ് വഴി ഡെസ്പാച്ച് ചെയ്യാത്തതുമായ സർക്കാർ ഉത്തരവുകൾ എതെങ്കിലും സെക്ഷനുകളിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം ആ സെക്ഷനിലെ ഉദ്യോഗസ്ഥരെയും മേലുദ്യോഗസ്ഥരെയും അറിയിക്കുന്നതിനായി എല്ലാ വകുപ്പിലും ഒരു നോഡൽ സെക്ഷനെയും/ നോഡൽ ഓഫീസറെയും ചുമതലപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിരിക്കുന്നു. വ്യവസായ വകുപ്പിലെ എല്ലാ സെക്ഷനുകളുടെയും ഇ-ഓഫീസ് സംവിധാനം വഴിയുള്ള ജി.ഒ. രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ആവശ്യമായ തുടർ നടപടി കൈക്കൊള്ളുന്നതിനുമായി വ്യവസായ (എഫ്) വകുപ്പിന്റെ ജോയിന്റ് സെക്രട്ടറിയെ നോഡൽ ഓഫീസറായും, വ്യവസായ (എഫ്) വകുപ്പിനെ നോഡൽ സെക്ഷനായും ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

വ്യവസായ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും / സെക്ഷനുകൾക്കും.
ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ട്രെയിനിംഗ് - ബി) വകുപ്പ്.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
SHERIN B DAS
Date: 18-08-2026
16:51:28

സെക്ഷൻ ഓഫീസർ